# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

RBI/2016-17/169

DCM (Plg) No. 1508/10.27.00/2016-17 ഡിസംബർ 02, 2016

കറൻസി ചെസ്റ്റുകൾ പ്രവർത്തിപ്പിക്കുന്ന എല്ലാ ബാങ്കുകളുടേയും ചെയർമാൻ / മാനേജിംഗ് ഡയറക്ടർ / ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ.

പ്രിയപ്പെട്ട സർ,

**ബാങ്ക് നോട്ടുകളുടെ വീതം വയ്ക്കൽ**

'റാബി വിളക്കാലത്തേയ്ക്ക് പണലഭ്യത ഉറപ്പാക്കുക - ബാങ്കുകൾക്കുള്ള നിർദ്ദേശം' എന്ന ഞങ്ങളുടെ 2016 നവംബർ 22 ലെ, DCM (Plg) No. 1345/10.27.00/2016-17-ാം നമ്പരിലുള്ള സർക്കുലർ പരിഗണിക്കുക.

2. മുളിൽ പറഞ്ഞിരിക്കുന്നതിനു തുടർച്ചയായി, ഗ്രാമീണ ബാങ്ക് ശാഖകൾ, പോസ്റ്റാഫീസുകൾ, ഡിസിസിബികൾ എന്നിവയ്ക്ക് ബാങ്ക് നോട്ടുകളുടെ വേണ്ടത്ര വിഹിതം ലഭ്യമാക്കുന്നുണ്ടെന്നുറപ്പുവരുത്താൻ, സംസ്ഥാനതല ബാങ്കേഴ്സ് സമിതി (എസ്എൽബിസി) യുടെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാതലസംഘാടക (ലീഡ് ഡിസ്ട്രിക്ട് മാനേജർമാർ) രേയും ഉൾപ്പെടുത്തണമെന്ന് ബാങ്കുകളോട് ആവശ്യപ്പെടുന്നു. കറൻസിചെസ്റ്റുകളിൽ നിന്നുള്ള കറൻസി വിതരണം ആസൂത്രണം ചെയ്യാനും സുഗമമാക്കാനും ആണിത്.

3. കറൻസി ചെസ്റ്റുകൾ, പണവിതരണത്തിന് തങ്ങളുടെ ബാങ്ക് ശാഖകൾക്ക് മുൻഗണന നൽകുന്നുവെന്ന ഒരു ധാരണ ഉണ്ടായിട്ടുണ്ട്. അതിനാൽ, കറൻസി ചെസ്റ്റുകളുള്ള ബാങ്കുകൾ സ്വന്തം ശാഖകൾക്കും മറ്റ് ബാങ്കുകൾക്കും അസന്തുലിതമായ രീതിയിലാണ് കറൻസി വിതരണം നടത്തുന്നുവെന്ന ധാരണമാറ്റാൻ പ്രകടമായ ശ്രമങ്ങൾ നടത്തണമെന്ന് ആവശ്യപ്പെടുന്നു.

വിശ്വാസപൂർവ്വം,

(സുമൻ റേ)
ജനറൽ മാനേജർ